ALL INDIA RADIO THIRUVANANTHAPURAM

ആകാശവാണി, തിരുവനന്തപുരം

NATIONAL BULLETIN

DATE: 16.06.2025 **TIME : 07.25 PM**

പ്രധാന വാർത്തകൾ

1. ഇത് യുദ്ധത്തിനുള്ള സമയമല്ലെന്നും പശ്ചിമേഷ്യയിലും യൂറോപ്പിലും തുടരുന്ന സംഘർഷങ്ങൾ ചർച്ചകളിലൂടെ പരിഹരിക്കപ്പെടണമെന്നും പ്രധാനമന്ത്രി നരേന്ദ്രമോദി; സൈപ്രസ് സന്ദർശനം പൂർത്തിയാക്കി പ്രധാനമന്ത്രി കാനഡയിലേക്ക് തിരിച്ചു.

   This is not a time for war; conflicts in West Asia and Europe must be resolved through dialogue, says PM Narendra Modi; PM concludes Cyprus visit and departs for Canada.

2. അഹമ്മദാബാദ് വിമാനാപകടത്തെ തുടർന്ന് കേന്ദ്ര സർക്കാർ രൂപീകരിച്ച ഉന്നതതല സമിതിയുടെ ആദ്യ യോഗം ഇന്ന് ന്യൂഡൽഹിയിൽ ചേർന്നു.

   High level committee formed by Centre after Ahmedabad plane accident holds its first meeting in New Delhi today.

3. കേരളത്തിൽ അതിതീവ്ര മഴ; അഞ്ച് വടക്കൻ ജില്ലകളിൽ ഇന്ന് ചുവപ്പ് ജാഗ്രത; വിവിധ നദികളിൽ പ്രളയ സാധ്യത മുന്നറിയിപ്പ്.

   Heavy rain lashes Kerala; Red alert issued in five northern districts today, flood warning for several rivers.

4. നിലമ്പൂർ ഉപതിരഞ്ഞെടുപ്പിന്റെ പരസ്യ പ്രചാരണം നാളെ അവസാനിക്കും.

Public campaigning for Nilambur by-election to end tomorrow.

5. **2027 ലെ ജനസംഖ്യാ കണക്കെടുപ്പിനുള്ള വിജ്ഞാപനം പുറത്തിറക്കി ആഭ്യന്തര മന്ത്രാലയം.**

Home Ministry issues notification for 2027 population census.

6. **ഇസ്രായേൽ- ഇറാൻ സംഘർഷം രൂക്ഷമായി തുടരുന്നു; പശ്ചിമേഷ്യയിലെ സ്ഥിതിഗതികൾ യു.എ.ഇയുമായി ചർച്ച ചെയ്ത് വിദേശകാര്യമന്ത്രി എസ്.ജയ്ശങ്കർ.**

Israel-Iran conflict intensifies; EAM S. Jaishankar discusses West Asia situation with UAE.

PM CYPRUS (INTRO)

സൈപ്രസ് സന്ദർശനം പൂർത്തിയാക്കി പ്രധാനമന്ത്രി നരേന്ദ്ര മോദി കാനഡയിലേക്ക് തിരിച്ചു. കാനഡയിൽ നടക്കുന്ന ജി-7 ഉച്ചകോടിയിൽ പ്രധാനമന്ത്രി പങ്കെടുക്കും. സൈപ്രസ് പ്രസിഡൻറ് നിക്കോസ് ക്രിസ്റ്റോ ഡുലൈഡ്സുമായി പ്രധാനമന്ത്രി ഉഭയകക്ഷി ചർച്ച നടത്തി. ഇത് യുദ്ധത്തിനുള്ള സമയമല്ലെന്നും പശ്ചിമേഷ്യയിലും യൂറോപ്പിലും തുടരുന്ന സംഘർഷങ്ങൾ ചർച്ചകളിലൂടെ പരിഹരിക്കപ്പെടണമെന്നും സംയുക്ത പ്രസ്താവനയിൽ ശ്രീ മോദി പറഞ്ഞു.
(വോയിസ്.....)
തീവ്രവാദം, ആയുധ - ലഹരിക്കടത്തുകൾ എന്നിവ തടയുന്നതിന് ഇന്ത്യയും സൈപ്രസും തമ്മിൽ തത്സമയ വിവര കൈമാറ്റ സംവിധാനം വികസിപ്പിക്കാനുള്ള പദ്ധതികൾ ഇരുനേതാക്കളും പ്രഖ്യാപിച്ചു. അതിർത്തി കടന്നുള്ള ഭീകരതയ്ക്കെതിരായ പോരാട്ടത്തിൽ ഇന്ത്യയ്ക്ക് സൈപ്രസ് എല്ലാ പിന്തുണയും ഉറപ്പ് നൽകി. സൈപ്രസിന്റെ പരമോന്നത സിവിലിയൻ ബഹുമതിയായ "ഗ്രാൻഡ് ക്രോസ്സ് ഓഫ് ദി ഓർഡർ ഓഫ് മക്കാരിയോസ് " സൈപ്രസ് പ്രസിഡന്റ്, പ്രധാനമന്ത്രിക്ക് സമ്മാനിച്ചു. രാജ്യത്തെ 140 കോടി ജനങ്ങൾക്കുള്ള ബഹുമതിയാണിതെന്ന് പ്രധാനമന്ത്രി

പറഞ്ഞു. വിദേശപര്യടനത്തിൻറെ മൂന്നാം പാദത്തിൽ ശ്രീ മോദി ക്രൊയേഷ്യ സന്ദർശിക്കും.

HOME SECY – COMMITTEE MEETING

അഹമ്മദാബാദ് വിമാനാപകടത്തെക്കുറിച്ച് അന്വേഷിക്കാൻ കേന്ദ്ര സർക്കാർ രൂപീകരിച്ച ഉന്നതതല സമിതിയുടെ ആദ്യ യോഗം ഇന്ന് ന്യൂഡൽഹിയിൽ ചേർന്നു. കേന്ദ്ര ആഭ്യന്തര സെക്രട്ടറി അധ്യക്ഷനായിട്ടുള്ള സമിതിയിൽ സിവിൽ ഏവിയേഷൻ മന്ത്രാലയം സെക്രട്ടറി ഉൾപ്പെടെ മുതിർന്ന ഉദ്യോഗസ്ഥർ അംഗങ്ങളാണ്. മൂന്ന് മാസത്തിനുള്ളിൽ സമിതി റിപ്പോർട്ട് സമർപ്പിക്കും. ഭാവിയിൽ ഇത്തരം സംഭവങ്ങൾ ഒഴിവാക്കുന്നതിനായി സമിതിയുടെ നേതൃത്വത്തിൽ സ്റ്റാൻഡേർഡ് ഓപ്പറേറ്റിംഗ് നടപടിക്രമങ്ങൾ തയ്യാറാക്കും.

PLANE CRASH –DNA SAMPLE MATCHED

അഹമ്മദാബാദ് വിമാനാപകടത്തിൽ മരിച്ച 99 പേരുടെ ഡി.എൻ.എ സാമ്പിളുകൾ ഇതുവരെ തിരിച്ചറിഞ്ഞു. 64 മൃതദേഹങ്ങൾ ബന്ധുക്കൾക്ക് കൈമാറി. വിമാനാപകടത്തിൽ മരിച്ച ഗുജറാത്ത് മുൻ മുഖ്യമന്ത്രി വിജയ് രൂപാണിയുടെ സംസ്കാര ചടങ്ങുകൾ രാജ്കോട്ടിൽ നടക്കുകയാണ്.

KERALA RAIN

കേരളത്തിൽ അതിതീവ്ര മഴ. നിലവിൽ മലപ്പുറം മുതൽ കാസർഗോഡ് വരെയുള്ള അഞ്ച് ജില്ലകളിൽ ചുവപ്പ് ജാഗ്രതയും പത്തനംതിട്ട, കോട്ടയം, എറണാകുളം , ഇടുക്കി, തൃശ്ശൂർ , പാലക്കാട് ജില്ലകളിൽ ഓറഞ്ചും മറ്റ് മൂന്ന് ജില്ലകളിൽ മഞ്ഞ ജാഗ്രതയും നൽകിയിട്ടുണ്ട്. കേരള - കർണാടക - ലക്ഷദ്വീപ് തീരങ്ങളിൽ ഈ

മാസം 19 വരെ മീൻപിടിത്തം നിരോധിച്ചു. മലയോര മേഖലയിലേക്കുള്ള രാത്രി യാത്രയ്ക്കും വിനോദ സഞ്ചാരത്തിനും നിയന്ത്രണം ഏർപ്പെടുത്തിയിട്ടുണ്ട്.

RAIN DISTRICTS (INTRO)

ശക്തമായ മഴ വടക്കൻ ജില്ലകളെ സാരമായി ബാധിച്ചു. വൻതോതിൽ നാശനഷ്ടങ്ങളും റിപ്പോർട്ട് ചെയ്തിട്ടുണ്ട്. താഴ്ന്ന പ്രദേശങ്ങൾ വെള്ളത്തിനടിയിലായി. കനത്ത മഴയെത്തുടർന്ന് പല ട്രെയിനുകളും വൈകിയാണ് ഓടുന്നത്. കോഴിക്കോട്, എറണാകുളം തുടങ്ങി വിവിധ ജില്ലകളിൽ കടൽ ക്ഷോഭവും രൂക്ഷമായി. തിരുവനന്തപുരം വർക്കല പാപനാശത്ത് കടൽ പ്രക്ഷുബ്ധമായതോടെ ലൈഫ് ഗാർഡും പോലീസും ചേർന്ന് വിനോദ സഞ്ചാരികളെ തീരത്ത് നിന്ന് മാറ്റി. കാസർഗോഡ് ജില്ലയിൽ ശക്തമായ മഴ തുടരുന്ന സാഹചര്യത്തിൽ സുരക്ഷാ മുൻകരുതലുകൾ ശക്തമാക്കി. കാസർഗോഡ് ജില്ലയിൽ നിന്നും കൂടുതൽ വിവരങ്ങളുമായി ആകാശവാണി ജില്ലാ പ്രതിനിധി പി ജഗന്നിവാസൻ.....
(വോയിസ്....)

RIVER WARNING

പ്രളയ സാധ്യതയെത്തുടർന്ന് കാസർഗോഡ് മഞ്ചേശ്വരം, മൊഗ്രാൽ പുഴകളിൽ ചുവപ്പ് ജാഗ്രത പ്രഖ്യാപിച്ചു. പെരുമ്പ, ഉപ്പള, നീലേശ്വരം, മണിമല ആറുകളിൽ ഓറഞ്ച് ജാഗ്രതയാണ്. വാമനപുരം, കരമന, പമ്പ, അച്ചൻകോവിൽ, തൊടുപുഴ, മൂവാറ്റുപുഴ ആറുകളിൽ ഉൾപ്പെടെ മഞ്ഞ അലർട്ട് നൽകിയിട്ടുണ്ട്. നദികളുടെ തീരത്തോട് ചേർന്ന് താമസിക്കുന്നവർ ജാഗ്രത പാലിക്കണമെന്നും യാതൊരു കാരണവശാലും നദികളിൽ ഇറങ്ങാൻ പാടില്ലെന്നും മുന്നറിയിപ്പുണ്ട്.

NILAMPUR BYELECTION

നിലമ്പൂർ ഉപതിരഞ്ഞെടുപ്പിൻറെ പരസ്യ പ്രചാരണം നാളെ അവസാനിക്കും. കൊട്ടിക്കലാശം ആവേശകരമാക്കാനുള്ള തയ്യാറെടുപ്പിലാണ് മുന്നണികൾ. വ്യാഴാഴ്ചയാണ് വോട്ടെടുപ്പ്. വോട്ടെണ്ണൽ 23 ന് നടക്കും.

HOME MINISTER - CENSUS

2027 ലെ ജനസംഖ്യാ കണക്കെടുപ്പിനുള്ള വിജ്ഞാപനം ആഭ്യന്തര മന്ത്രാലയം പുറപ്പെടുവിച്ചു. ഇതാദ്യമായാണ് രാജ്യത്ത് പൊതു സെൻസെസിനൊപ്പം ജാതി സെൻസെസും നടപ്പാക്കുന്നത്. 2027 മാർച്ച് ഒന്നിന് കണക്കെടുപ്പ് ആരംഭിക്കും. മഞ്ഞുവീഴ്ചയുള്ള സാധ്യത പരിഗണിച്ച് ജമ്മുകശ്മീർ, ലഡാക്, ഹിമാചൽ, ഉത്തരാഖണ്ഡ് എന്നിവിടങ്ങളിൽ 2026 ഒക്ടോബർ ഒന്നിന് നടപടിക്രമങ്ങൾ ആരംഭിക്കും.

ISRAEL- INTEL KILLINGS

ഇസ്രായേൽ- ഇറാൻ സംഘർഷം രൂക്ഷമായി തുടരുന്നു. ഇസ്ലാമിക് റെവലൂഷനറി ഗാർഡ് കോർപസ് തലവൻ ഉൾപ്പെടെ നാല് മുതിർന്ന ഇറാനിയൻ ഇന്റലിജൻസ് ഉദ്യോഗസ്ഥരെ വ്യോമാക്രമണത്തിലൂടെ വധിച്ചതായി ഇസ്രായേൽ അവകാശപ്പെട്ടു. ഹെസ്ബൊള്ള, ഹമാസ്, ഹൂതികൾ എന്നിവരുമായി ചേർന്ന് തങ്ങൾക്കെതിരെ ആക്രമണ പദ്ധതികൾ ആസൂത്രണം ചെയ്യുകയായിരുന്നു ഇവരെന്നും IDF വ്യക്തമാക്കി. അതേസമയം, സംഘർഷം കൂടുതൽ പശ്ചിമേഷ്യൻ രാജ്യങ്ങളിലേക്ക് വ്യാപിക്കാതിരിക്കാൻ ലോകരാജ്യങ്ങൾ നയതന്ത്ര നീക്കങ്ങൾ തുടരുകയാണ്.

IRAN-NUCLEAR TREATY

ആണവ നിരായുധീകരണ ഉടമ്പടിയിൽ നിന്ന് പിൻമാറാൻ ഒരുങ്ങുന്നതായി സൂചന നൽകി ഇറാൻ. ഇതിനായി ഇറാൻ പാർലമെൻറ് നിയമനിർമ്മാണം നടത്തുകയാണെന്ന് പ്രസിഡൻറ് മസൂദ് പെസെഷ്കിയാൻ പറഞ്ഞു. അതേസമയം, ആണവായുധങ്ങൾ വികസിപ്പിക്കാൻ പദ്ധതിയില്ലെന്നും ഊർജ്ജം, ഗവേഷണം തുടങ്ങിയ ലക്ഷ്യങ്ങൾ കേന്ദ്രീകരിച്ചുള്ളതാണ് ആണവ പ്രവർത്തനങ്ങളെന്നും അദ്ദേഹം വ്യക്തമാക്കി.

JAISHANKAR

പശ്ചിമേഷ്യയിലെ സ്ഥിതിഗതികൾ സംബന്ധിച്ച് യു.എ.ഇ വിദേശകാര്യ മന്ത്രിയുമായി കേന്ദ്രമന്ത്രി എസ്.ജയ്ശങ്കർ ടെലിഫോൺ സംഭാഷണം നടത്തി. പ്രശ്നപരിഹാരത്തിൽ നയതന്ത്ര നടപടികളുടെ സാധ്യത ഇരുവരും വിലയിരുത്തി. നേരത്തെ അർമേനിയൻ വിദേശകാര്യ മന്ത്രിയുമായും ശ്രീ ജയ്ശങ്കർ സംസാരിച്ചിരുന്നു.

INDIA EMBASSY

ഇറാനിലെ സ്ഥിതിഗതികൾ നിരന്തരം നിരീക്ഷിച്ച് വരുന്നതായും ഇന്ത്യൻ വിദ്യാർത്ഥികൾ സുരക്ഷിതരായിരിക്കണമെന്നും ടെഹ്റാനിലെ ഇന്ത്യൻ എംബസി. ഇസ്രായേലിലെ ഇന്ത്യൻ സമൂഹവുമായും സ്ഥിതിഗതികൾ ചർച്ച ചെയ്തതായി ഇന്ത്യൻ എംബസി വ്യക്തമാക്കി.

WOMENS ODI WORLD CUP - SCHEDULE

ഐ.സി.സി വനിതാ ഏകദിന ലോകകപ്പിന്റെ പൂർണ സമയക്രമം പ്രഖ്യാപിച്ച് അന്താരാഷ്ട്ര ക്രിക്കറ്റ് കൗൺസിൽ. സെപ്റ്റംബർ 30 മുതൽ നവംബർ 2 വരെ ഇന്ത്യയിലും ശ്രീലങ്കയിലുമായാണ് മത്സരങ്ങൾ. ഇന്ത്യയാണ് മത്സരങ്ങൾക്ക് ഔദ്യോഗിക ആതിഥേയത്വം വഹിക്കുന്നതെങ്കിലും പാകിസ്ഥാന്റെ എല്ലാ മത്സരങ്ങൾക്കും ശ്രീലങ്കയാണ് നിഷ്പക്ഷ വേദി. സെപ്റ്റംബർ 30-ന് ബെംഗളൂരുവിലെ എം.ചിന്നസ്വാമി സ്റ്റേഡിയത്തിൽ ശ്രീലങ്കയ്ക്കെതിരെയാണ് ഇന്ത്യയുടെ ആദ്യ മത്സരം.

YOGA DAY PREPARATIONS

അന്താരാഷ്ട്ര യോഗ ദിനത്തോടനുബന്ധിച്ച്, ഈ മാസം 21 ന് രാജ്യത്തുടനീളം ഒരു ലക്ഷത്തിലധികം യോഗ പരിപാടികൾ ആയുഷ് മന്ത്രാലയത്തിൻറെ നേതൃത്വത്തിൽ സംഘടിപ്പിക്കും. ഭൂമിക്കും ഏകാരോഗ്യത്തിനും യോഗ എന്നതാണ് പ്രമേയം. ആന്ധ്രാപ്രദേശിലെ വിശാഖപട്ടണത്ത് സംഘടിപ്പിക്കുന്ന പ്രധാന പരിപാടിയിൽ പ്രധാനമന്ത്രി നരേന്ദ്ര മോദി പങ്കെടുക്കും.

EPFO

എംപ്ലോയീസ് പ്രൊവിഡന്റ് ഫണ്ട് അംഗങ്ങൾ അനധികൃത ഏജന്റുമാരെ സമീപിക്കുന്നത് ഒഴിവാക്കണമെന്ന് അഭ്യർത്ഥിച്ച് എംപ്ലോയീസ് പ്രൊവിഡന്റ് ഫണ്ട് ഓർഗനൈസേഷൻ. സൗജന്യവും സുരക്ഷിതവുമായ ഓൺലൈൻ സേവനങ്ങൾക്കായി ഔദ്യോഗിക ഇ.പി.എഫ്.ഒ പോർട്ടലുകൾ ഉപയോഗിക്കണം. പരാതിയുണ്ടെങ്കിൽ ഇ.പി.എഫ്.ഒ യുടെ പരാതി പരിഹാര സംവിധാനവുമായി ബന്ധപ്പെടണമെന്ന് തൊഴിൽ മന്ത്രാലയം അറിയിച്ചു.

WPI- MAY DATA

രാജ്യത്ത് മൊത്തവില അടിസ്ഥാനമാക്കിയുള്ള പണപ്പെരുപ്പത്തിൽ കുറവ്. മെയ് മാസത്തിൽ 0.39 ശതമാനം പണപ്പെരുപ്പമാണ് രേഖപ്പെടുത്തിയത്. കഴിഞ്ഞ 14 മാസത്തെ അപേക്ഷിച്ച് ഏറ്റവും കുറഞ്ഞ നിരക്കാണിത് എന്ന് വാണിജ്യ-വ്യവസായ മന്ത്രാലയം അറിയിച്ചു. ഭക്ഷ്യ ഉത്പന്നങ്ങളെ അടിസ്ഥാനമാക്കിയുള്ള പണപ്പെരുപ്പം 1.72 ശതമാനമായും കുറഞ്ഞിട്ടുണ്ട്.

DELHI POLICE - BANGLADESHI

ഇന്ത്യയിൽ അനധികൃതമായി തങ്ങിയിരുന്ന 36 ബംഗ്ലാദേശി പൗരന്മാരെ ഡൽഹി പോലീസ് അറസ്റ്റ് ചെയ്തു. ഇവരിൽ 17 കുട്ടികളും ഉൾപ്പെടുന്നു. സാധുവായ യാത്രാ രേഖകളോ വീസയോ പെർമിറ്റോ ഇല്ലാതെയാണ് ബംഗ്ലാദേശി പൗരന്മാർ ഡൽഹിയിൽ താമസിച്ചിരുന്നതെന്ന് പോലീസ് പറഞ്ഞു.

HEALTH- NORCET

ഇനി മുതൽ നഴ്സിംഗ് ഓഫീസർ റിക്രൂട്ട്മെന്റ് കോമൺ എലിജിബിലിറ്റി ടെസ്റ്റ് - നോർസെറ്റ് വർഷത്തിൽ രണ്ടുതവണ നടത്തുമെന്ന് ആരോഗ്യ കുടുംബക്ഷേമ മന്ത്രാലയം. സമയബന്ധിതമായ നിയമനവും തടസ്സമില്ലാത്ത രോഗി പരിചരണ സേവനങ്ങളും ഉറപ്പാക്കുകയാണ് ലക്ഷ്യം. നേരത്തെ വർഷത്തിൽ ഒരിക്കൽ മാത്രമാണ് യോഗ്യത പരീക്ഷ നടത്തിയിരുന്നത്. ന്യൂഡൽഹി എയിംസ് ആണ് ഈ വർഷത്തെ നോർസെറ്റ് നടത്തിയത്.